## വനിത ശിശുവികസന ജോയിന്റ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ : ശിവന്യ എസ്.എൻ )**

വിഷയം : വനിത ശിശുവികസന വകുപ്പ് - സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി – തൃശ്ശൂർ ജില്ലയിൽ നവീകരണം സാധ്യമല്ലാത്ത അങ്കണവാടികളെ ഒഴിവാക്കി പകരം അങ്കണവാടികളെ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു . പുറപ്പെടുവിക്കുന്നു.

പരാമർശം 1): സ.ഉ.(സാധാ) നം.335/2021/സാനീവ. തീയതി : 21/5/21.

2): ഈ കാര്യാലയത്തിലെ 06.05.2021,18.06.2021 എന്നീ തിയ്യതികളിലെ ICDS / B1-39936/13 ഇതേ നമ്പർ കത്തുകൾ .

3): ഈ കാര്യാലയത്തിലെ 12.10.2021,08.11.2021 ,06.12.2021 എന്നീ തിയ്യതികളിലെ ICDS / B1-15052/21 ഇതേ നമ്പർ ഉത്തരവുകൾ .

4): തൃശ്ശൂർ പ്രോഗ്രാം ഓഫീസറുടെ 03.12.2021ലെ PO/TSR/D-835/21 നമ്പർ കത്ത്

5): പന്തലായനി സി.ഡി.പി.ഒ യുടെ നം. ICDS/PLY/1452/21 നമ്പർ കത്ത്.

6): കോഴിക്കോട് സി.ഡി.പി.ഒ യുടെ നം. ICDS/U2/KKD/227/21 നമ്പർ കത്ത്.

---

**ഉത്തരവ് നം. ICDS/B1/15052/21** **തീയതി: 28.12.2021**

---

വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഐ സി ഡി എസ് പദ്ധതി മുഖേന പ്രത്യേക പരിരക്ഷ നൽകുന്നതിന്റെ ഭാഗമായി സ്പെഷ്യൽ അങ്കണവാടി പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി ലഭിക്കുകയുണ്ടായി . സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള 84 അങ്കണവാടികൾ 2 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ വിഭിന്നശേഷി സൗഹൃദമായ അങ്കണവാടി കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിലേക്ക് പരാമർശം (3 ) ഉത്തരവുകൾ പ്രകാരം ഇതിനോടകം അനുമതി നൽകിയിട്ടുണ്ട്.

പരാമർശം (3) പ്രകാരം അനുമതി നൽകിയ അങ്കണവാടികളിൽ സാധ്യമല്ലാത്ത അങ്കണവാടികൾക്ക് പകരം പുതിയ അങ്കണവാടികൾക്ക് അനുമതി നൽകുവാൻ പ്രോഗ്രാം ഓഫീസർ/ ശിശു വികസന പദ്ധതി ഓഫീസർ പരാമർശം (4),(5),(6) പ്രകാരം അഭ്യർഥിച്ചിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ ലഭ്യമായിട്ടുള്ള അഭ്യർഥന പരിഗണിച്ച് പരാമർശം (3) പ്രകാരം അനുമതി നൽകിയിരുന്നതും നവീകരണം സാധ്യമല്ലാത്തതായി റിപ്പോർട്ട് ചെയ്തിട്ടുള്ള അങ്കണവാടികളെ ഒഴിവാക്കി പകരം അങ്കണവാടികൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം സ്പെഷ്യൽ അങ്കണവാടി പദ്ധതിക്ക് അനുമതി നൽകി പരാമർശം (3) ഉത്തരവ് ഭേതഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജില്ല | പ്രോജക്റ്റിന്റെ പേര് | അനുമതി നൽകിയിരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനവും അങ്കണവാടി സെന്റർ നമ്പരും | | പകരം അനുമതി നൽകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനവും അങ്കണവാടി സെന്റർ നമ്പരും | |
|---|---|---|---|---|---|---|
| 1 | തൃശ്ശൂർ | ചാവക്കാട് അഡീഷണൽ | ഗുരുവായൂർ മുൻസിപ്പാലിറ്റി | 95 | ഗുരുവായൂർ മുൻസിപ്പാലിറ്റി | 54 |
| 2 | തൃശ്ശൂർ | മതിലകം | പെരിഞ്ഞനം | 98 | പെരിഞ്ഞനം | 64 |
| 3 | കോഴിക്കോട് | പന്തലായനി | മൂടാടി പഞ്ചായത്ത് | 97 (രണ്ടാം തവണ) | മൂടാടി പഞ്ചായത്ത് | 100 |
| 4 | | കോഴിക്കോട് അർബൻ-2 | കോഴിക്കോട് കോർപ്പറേഷൻ | 139 | കോഴിക്കോട് കോർപ്പറേഷൻ | 121 |

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് . മേൽ ഭേദഗതികളോടെ പരാമർശം (3) ഉത്തരവുകൾ നിലനിൽക്കുന്നതാണ്. ഇതിനകം അനുവദിച്ചിരുന്ന തുക മാർച്ച് 31 നകം കർശനമായും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശുവികസന ജോയിന്റ് ഡയറക്ടർ**

ജില്ലാ വനിത ശിശു വികസന ഓഫീസർ, തൃശ്ശൂർ,കോഴിക്കോട്

പകർപ്പ്:

1) പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ,കോഴിക്കോട്,
2) ബന്ധപ്പെട്ട CDPO മാർക്കും.
3) ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ മേധാവിക്ക് (സി.ഡി .പി .ഒ മുഖാന്തിരം)
4) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്